# 21st Meeting of the Working Mechanism for Consultation & Coordination on India-China Border Affairs

---

# ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങളെക്കുറിച്ചുള്ള കൂടിയാലോചനക്കും ഏകോപനത്തിനുമുള്ള പ്രവർത്തന സംവിധാനത്തിന്റെ 21മത് യോഗം

മാർച്ച് 12, 2021

1. ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങളെക്കുറിച്ചുള്ള കൂടിയാലോചനക്കും ഏകോപനത്തിനുമുള്ള പ്രവർത്തന സംവിധാനത്തിന്റെ 21-ാമത് യോഗം ((ഡബ്ല്യൂഎംസിസി) 2021 മാർച്ച് 12 ന് നടന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി (ഈസ്റ്റ് ഏഷ്യ) നയിച്ചു. ചൈനീസ് പ്രതിനിധി സംഘത്തെ, ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിന്റെ അതിർത്തി, സമുദ്ര വകുപ്പ് ഡയറക്ടർ ജനറൽ, നയിച്ചു.

2. പടിഞ്ഞാറൻ മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖയുടെ (എൽഎസി) സ്ഥിതിഗതികൾ ഇരുപക്ഷവും അവലോകനം ചെയ്യുകയും പടിഞ്ഞാറൻ മേഖലയിലെ എൽഎസിയിൽ അവശേഷിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ ചർച്ച ചെയ്യുകയും ചെയ്തു. പാങ്കോംഗ് തടാകത്തിന്റെ വടക്കും , തെക്കും തീരങ്ങളിൽ നിന്നുള്ള വിച്ഛേദനം പൂർത്തിയാക്കിയത് അവശേഷിക്കുന്ന പ്രശ്നങ്ങൾ നേരത്തേ പരിഹരിക്കുന്നതിനായി ഇരുപക്ഷത്തിനും പ്രവർത്തിക്കാനുള്ള നല്ല അടിത്തറ നൽകുന്നുവെന്ന് അവർ സമ്മതിച്ചു.കഴിഞ്ഞ സെപ്റ്റംബറിൽ മോസ്കോയിൽ വച്ച് രണ്ട് വിദേശകാര്യ മന്ത്രിമാരും തമ്മിൽ ഉണ്ടാക്കിയ കരാറും കഴിഞ്ഞ മാസം അവർ നടത്തിയ ഫോൺ സംഭാഷണവും അനുസരിച്ചു രണ്ട് പക്ഷത്തുനിന്നും പ്രവർത്തനങ്ങളെ നയിക്കുന്നത് തുടരണമെന്ന് അവർ സമ്മതിച്ചു. സംഘർഷം നിലനിൽക്കുന്ന എല്ലാ മേഖലകളിൽ നിന്നും പൂർണ്ണമായി പിൻവാങ്ങുന്നതിന് പരസ്പരം സ്വീകാര്യമായ പരിഹാരത്തിലെത്താൻ ഇരുപക്ഷവും സംഭാഷണം തുടരണം. പ്രദേശത്തെ സൈനികരുടെ വിശാലമായ വ്യാപനം പരിശോധിക്കാനും അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തതയും പുനസ്ഥാപിക്കുന്നതിനായി പ്രവർത്തിക്കാനും ഇത് രണ്ട് വശങ്ങളെയും പ്രാപ്തമാക്കും.കുറച്ചുകാലത്തേക്ക് രണ്ട് പക്ഷവും സ്ഥിരത

നിലനിർത്തുകയും അനിഷ്ട സംഭവങ്ങൾ തടയുകയും ചെയ്യണമെന്നും അവർ തീരുമാനിച്ചു.

3. നയതന്ത്ര, സൈനിക മാർഗങ്ങളിലൂടെ അടുത്ത ആശയവിനിമയവും സംഭാഷണവും നിലനിർത്താൻ ഇരുപക്ഷവും സമ്മതിച്ചു.ഇക്കാര്യത്തിൽ, സീനിയർ കമാൻഡേഴ്സ്ന്റെ 11-ാം മത് യോഗം നേരത്തേ വിളിക്കാൻ അവർ തീരുമാനിച്ചു, അങ്ങനെ അവശേഷിക്കുന്ന സംഘർഷ പ്രദേശങ്ങളിൽ നിന്ന് പൂർണ്ണമായി വിച്ഛേദിക്കുന്നതിന് ഇരുപക്ഷത്തിനും പ്രവർത്തിക്കാൻ സാധിക്കും.

**ന്യൂ ഡെൽഹി**

**മാർച്ച് 12, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.